ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 21.11.2025** **TIME : 07.25 PM**

## പ്രധാന

1. ദക്ഷിണാഫ്രിക്കയിൽ നടക്കുന്ന ജി-20 ഉച്ചകോടിയിൽ പങ്കെടുക്കാനായി പ്രധാനമന്ത്രി നരേന്ദ്രമോദി ജോഹനാസ്ബർഗിലെത്തി; ഉച്ചകോടിയുടെ വിവിധ സമ്മേളനങ്ങളെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

   **Prime Minister Narendra Modi has arrived in Johannesburg to attend the G-20 summit in South Africa; the Prime Minister will address various sessions of the summit.**

2. ദുബായ് എയർഷോയ്ക്കിടെ ഇന്ത്യൻ വ്യോമസേനയുടെ തേജസ് യുദ്ധ വിമാനം തകർന്ന് പൈലറ്റിന് വീരമൃത്യു; അന്വേഷണം പ്രഖ്യാപിച്ച് വ്യോമസേന.

   **Indian Air Force's Tejas fighter jet crashes during Dubai airshow, the incident has resulted in fatal injuries to the pilot ; A Court of Inquiry has been constituted**

3. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശപത്രികകൾ സമർപ്പിക്കുന്നതിനുള്ള

സമയപരിധി ഇന്ന് അവസാനിച്ചു; പത്രികകളുടെ സൂക്ഷ്മപരിശോധന നാളെ.

**The deadline for filing nomination papers for the local body elections in the state ended today; scrutiny of the nomination papers tomorrow.**

4. തദ്ദേശ തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നത് വരെ എസ്.ഐ.ആർ നടപടികൾ മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികളിൽ സുപ്രീംകോടതി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് നോട്ടീസ് അയച്ചു. ഹർജി ബുധനാഴ്ച പരിഗണിക്കും.

   **The Supreme Court has issued a notice to the Election Commission of India on the petitions seeking postponement of the SIR process until the completion of the local body elections. The petition will be considered on Wednesday.**

5. വിഴിഞ്ഞം തുറമുഖം രാജ്യത്തിന്റെ ഔദ്യോഗിക അന്താരാഷ്ട്ര സീപോർട്ടുകളുടെ പട്ടികയിൽ; വിജ്ഞാപനം പുറത്തിറക്കി കേന്ദ്ര സർക്കാർ.

   **Vizhinjam port in the list of official international seaports of the country; the Central government has issued a notification.**

6. ഇന്ത്യ - ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ ഗുവാഹത്തിയിൽ.

**The last match of the India-South Africa Test cricket series will be played in Guwahati tomorrow.**

❁❁❁❁❁❁❁❁❁❁❁❁❁

## PM G-20 (INTRO)

ദക്ഷിണാഫ്രിക്കയിൽ നാളെ മുതൽ നടക്കുന്ന ജി-20 ഉച്ചകോടിയിൽ പങ്കെടുക്കാനായി പ്രധാനമന്ത്രി നരേന്ദ്രമോദി ജോഹനാസ്ബർഗിലെത്തി. ഉച്ചകോടിയിൽ ജി-20 അജണ്ട സംബന്ധിച്ച ഇന്ത്യയുടെ കാഴ്ചപ്പാടുകൾ പ്രധാനമന്ത്രി വ്യക്തമാക്കും. മൂന്ന് ദിവസത്തെ സന്ദർശനത്തിന്റെ ഭാഗമായി ഇന്ത്യ-ബ്രസീൽ-ദക്ഷിണാഫ്രിക്ക നേതൃതല യോഗത്തിലും പ്രധാനമന്ത്രി പങ്കെടുക്കും.

**വിശദാംശങ്ങളിലേക്ക് .....**

**(വോയിസ്)**

## PM G-20 (VOICE)

പ്രധാനമന്ത്രി ഉച്ചകോടിയുടെ വിവിധ സമ്മേളനങ്ങളെ അഭിസംബോധന ചെയ്യും. ഉച്ചകോടിയുടെ ഭാഗമായി, പ്രധാനമന്ത്രി മോദി ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റമാഫോസയുമായും മറ്റ് നിരവധി ലോക നേതാക്കളുമായും കൂടിക്കാഴ്ച നടത്തും.

വസുധൈവ കുടുംബകം എന്ന ഇന്ത്യൻ ദർശനത്തെ അടിസ്ഥാനമാക്കിയുള്ള കാഴ്ചപ്പാടുകൾ സമ്മേളനത്തിൽ പങ്കുവയ്ക്കുമെന്ന് യാത്രയ്ക്ക് മുന്നോടിയായുള്ള സന്ദേശത്തിൽ പ്രധാനമന്ത്രി അറിയിച്ചു. 2023 ൽ ഇന്ത്യയുടെ ജി-20 അധ്യക്ഷ കാലയളവിലാണ് ആഫ്രിക്കൻ യൂണിയൻ, കൂട്ടായ്മയിൽ അംഗമാകുന്നത്. ആഫ്രിക്കയിൽ നടക്കുന്ന പ്രഥമ ജി-20 ഉച്ചകോടിയാണിത്. "ഐക്യദാർഢ്യം, സമത്വം, സുസ്ഥിരത" എന്നതാണ് ഈ വർഷത്തെ ഉച്ചകോടിയുടെ പ്രമേയം.

ന്യൂസ് ഡെസ്ക് ആകാശവാണി......

## PREZ VISIT HYDERABAD

രണ്ടു ദിവസത്തെ തെലങ്കാന സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഹൈദരാബാദിലെത്തി. ബീഗംപേട്ട് വിമാനത്താവളത്തിൽ ഗവർണർ ജിഷ്ണു ദേവ് വർമ്മ, മുഖ്യമന്ത്രി എ രേവന്ത് റെഡ്ഡി എന്നിവർ ചേർന്ന് രാഷ്ട്രപതിയെ സ്വീകരിച്ചു. ബൊല്ലാരത്തിലെ രാഷ്ട്രപതി നിലയത്തിൽ നടക്കുന്ന ഭാരതീയ കലാമഹോത്സവത്തിന്റെ രണ്ടാം പതിപ്പ് രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. ഗുജറാത്ത്, രാജസ്ഥാൻ, മഹാരാഷ്ട്ര, ഗോവ എന്നീ സംസ്ഥാനങ്ങളും ദാദ്ര നാഗർഹവേലി, ദാമൻ, ദിയു എന്നീ കേന്ദ്രഭരണ പ്രദേശങ്ങളും തങ്ങളുടെ

കരകൗശല സാംസ്കാരിക വൈദഗ്ധ്യവും പാചകരീതികളും കലാമഹോത്സവത്തിൽ പങ്കുവെക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## TEJAS CRASH DUBAI

ദുബായ് എയർഷോയ്ക്കിടയിൽ ഇന്ത്യയുടെ തേജസ് യുദ്ധവിമാനം തകർന്നുവീണ് പൈലറ്റിന് വീരമൃത്യൂ. പരിപാടിയുടെ അവസാന ദിവസമായിരുന്ന ഇന്ന് ഉച്ചകഴിഞ്ഞാണ് സംഭവം. അപകടത്തിന്റെ കാരണം കണ്ടെത്താൻ ഇന്ത്യൻ വ്യോമസേന അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ അനുശോചനം രേഖപ്പെടുത്തി. സേനാംഗത്തിന്റെ കുടുംബത്തിന്റെ ദു:ഖത്തിൽ പങ്കുചേരുന്നതായി അദ്ദേഹം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## GOVT LABOUR CODES

രാജ്യത്ത് നാല് പുതിയ തൊഴിൽ നിയമങ്ങൾ രാജ്യത്ത് പ്രാബല്യത്തിൽ കൊണ്ടുവന്ന് കേന്ദ്രസർക്കാർ. രാജ്യത്ത് നിലവിലുള്ളതും പതിറ്റാണ്ടുകൾ പഴക്കമുള്ളതുമായ തൊഴിൽ നിയമങ്ങൾ ലളിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായാണ് നാല് പുതിയ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കിയത്. പുതിയ

തൊഴിൽ നിയമങ്ങൾ രാജ്യത്തെ തൊഴിലാളികൾക്ക് മികച്ച വേതനം, സുരക്ഷ, സാമൂഹിക സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പാക്കുമെന്ന് സാമൂഹ്യ മാധ്യമ പോസ്റ്റിൽ തൊഴിൽ മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ കുറിച്ചു. തീരുമാനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. സാർവത്രിക സാമൂഹിക സുരക്ഷ, സമയബന്ധിത മിനിമം വേതനം, തുടങ്ങിയവയ്ക്കുള്ള ശക്തമായ അടിത്തറയായി ഈ നിയമങ്ങൾ പ്രവർത്തിക്കുമെന്ന് മോദി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

## NOMINATION

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശപത്രികകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. പത്രികകളുടെ സൂക്ഷ്മപരിശോധന നാളെ രാവിലെ 10 മുതൽ ആരംഭിക്കും. തിങ്കളാഴ്ചയാണ് പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം. ഡിസംബർ 9, 11 തീയതികളിലായി രണ്ട് ഘട്ടമായാണ് സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പ് നടക്കുന്നത്. 13 നാണ് വോട്ടെണ്ണൽ. പത്രികാ സമർപ്പണം പൂർത്തിയായതോടെ മുന്നണികൾ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി. വീടുകളിലെത്തി പരമാവധി വോട്ടർമാരെ നേരിൽക്കാണാനുള്ള ശ്രമത്തിലാണ് സ്ഥാനാർഥികൾ.

## SIR- SC

തദ്ദേശ തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നത് വരെ എസ്.ഐ.ആർ നടപടികൾ മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികളിൽ സുപ്രീംകോടതി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് നോട്ടീസ് അയച്ചു. സംസ്ഥാന സർക്കാരും, സിപിഎം, കോൺഗ്രസ്, മുസ്ലിംലീഗ് തുടങ്ങിയ രാഷ്ട്രീയ പാർട്ടികളും സമർപ്പിച്ച ഹർജികളിലാണ് കോടതി നിർദ്ദേശം. ഹർജികൾ ഈ മാസം 26 ന് സുപ്രീംകോടതി വീണ്ടും പരിഗണിക്കും.

## ENUMERATION FORM

ഇന്ന് വൈകിട്ട് 6 മണിയോടെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം 19 ലക്ഷത്തി 90,178 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 7.15% ആണ്. വോട്ടർമാർ ഓൺലൈനായി 45,249 ഫോമുകൾ സമർപ്പിച്ചിട്ടുണ്ട്. ഇത് മൊത്തം വോട്ടർമാരുടെ 0.16 % വരും.

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന -പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത്ത് ഈ മാസം 30 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 128 -ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും മൻ കി ബാത്ത് പ്രക്ഷേപണം ചെയ്യും . മലയാള പരിഭാഷയും തുടർന്ന് ഉണ്ടായിരിക്കും. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ജനങ്ങൾക്ക് പരിപാടിയെകുറിച്ചുള്ള ആശയങ്ങളും നിർദ്ദേശങ്ങളും ഈ മാസം 28 വരെ സമർപ്പിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## RAJIV RANJAN - FISHERIES

ആഗോളതലത്തിൽ ഏറ്റവുമധികം മത്സ്യോൽപ്പാദനം നടത്തുന്ന രണ്ടാമത്തെ രാജ്യമാണ് ഇന്ത്യയെന്ന് കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ്. ന്യൂഡൽഹിയിൽ നടന്ന ലോക ഫിഷറീസ് ദിനാഘോഷച്ചടങ്ങിൽ നൽകിയ വീഡിയോ സന്ദേശത്തിലാണ് കേന്ദ്രമന്ത്രി ഇക്കാര്യം പരാമർശിച്ചത്. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ രാജ്യത്തിന്റെ മൊത്തം മത്സ്യ ഉൽപാദനം ഇരട്ടിയിലധികം വർദ്ധിച്ചുവെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ ചടങ്ങിൽ ചൂണ്ടിക്കാട്ടി.

❁❁❁❁❁❁❁❁❁❁❁❁❁

## AMIT SHAH GUJARAT (INTRO)

അഞ്ച് വർഷം കൊണ്ട് ബിഎസ്എഫിനെ ലോകത്തിലെ ഏറ്റവും ആധുനികവും ആക്രമണാത്മകവുമായ സേനയാക്കുക എന്നതാണ് ആഭ്യന്തര മന്ത്രാലയത്തിന്റെ ലക്ഷ്യമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. 2026 അതിർത്തി സുരക്ഷാ സേനയുടെ ആധുനികവൽക്കരണത്തിനും ബിഎസ്എഫ് ഉദ്യോഗസ്ഥരുടെ ക്ഷേമത്തിനുമായി നീക്കിവയ്ക്കുമെന്നും അടുത്ത വർഷം മാർച്ച് 31-ഓടെ രാജ്യം നക്സലിസത്തിൽ നിന്ന് മുക്തമാകുമെന്നും അമിത് ഷാ പറഞ്ഞു. ഗുജറാത്തിലെ ഭുജിൽ ബിഎസ്എഫിന്റെ വജ്രജൂബിലി സ്ഥാപക ദിനാഘോഷ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അമിത് ഷാ.

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

## VIZHINJAM

വിഴിഞ്ഞം തുറമുഖം രാജ്യത്തിന്റെ ഔദ്യോഗിക അന്താരാഷ്ട്ര സീപോർട്ടുകളുടെ പട്ടികയിൽ. ഇന്നലെ പുറത്തിറക്കിയ ഇന്ത്യാ സർക്കാരിന്റെ ഗസറ്റ് വിജ്ഞാപനത്തിൽ Immigration and Foreigners Act, 2025 പ്രകാരം വിഴിഞ്ഞത്തിന് ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് പദവി അനുവദിച്ചു. അന്താരാഷ്ട്ര തുറമുഖ ഭൂപടത്തിലെ വിഴിഞ്ഞത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്താൻ ഈ അംഗീകാരം

സഹായകരമാകും. ക്രൂ ചേഞ്ച് ഉൾപ്പെടെയുള്ള നടപടികൾ ഇനി എളുപ്പമാകും.

❁❁❁❁❁❁❁❁❁❁❁❁❁

## CRICKET

ഇന്ത്യ - ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ രാവിലെ 9 ന് ഗുവാഹത്തിയിൽ ആരംഭിക്കും. ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്കയ്ക്കായിരുന്നു വിജയം. ഇന്ത്യ-ദക്ഷിണാഫ്രിക്ക ഏകദിന പരമ്പര ഈ മാസം 30-ന് ആഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## BADMINTON-AUSTRALIAN OPEN

ഓസ്ട്രേലിയൻ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ, പുരുഷ വിഭാഗം സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ സെമിയിൽ.കാർട്ടറിൽ ഇന്ത്യയുടെ ആയുഷ് ഷെട്ടിയെ പരാജയപ്പെടുത്തിയാണ് ലക്ഷ്യ സെമിയിലെത്തിയത് .നാളെ നടക്കുന്ന സെമി പോരാട്ടത്തിൽ തായ്വാനീസ് താരം ടി സി ചൗ ആണ് ലക്ഷ്യയുടെ എതിരാളി.

❁❁❁❁❁❁❁❁❁❁❁❁❁

## RAIN - KERALA

സംസ്ഥാനത്ത് മറ്റന്നാൾ വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് തിരുവനന്തപുരം മുതൽ

ഇടുക്കി വരെയുള്ള ജില്ലകളിലും കോഴിക്കോടും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെയും തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

## **BANGLADESH EARTHQUAKE**

ബംഗ്ളാദേശിലെ ധാക്കയിലും വിവിധ പ്രദേശങ്ങളിലുമുണ്ടായ ഭൂചലനത്തിൽ നാല് മരണം. നൂറോളം പേർക്ക് പരിക്ക്. 5.7 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ കെട്ടിടങ്ങൾ തകർന്ന് വീണാണ് മരണം സംഭവിച്ചത്. നർസിംഗ്ഡിയിലെ മദ്ഹാബയാണ് പ്രഭവ കേന്ദ്രം.

## **IFFI**

56 മത് ഇന്ത്യ രാജ്യാന്തര ചലച്ചിത്രമേള ഗോവയിൽ പുരോഗമിക്കുന്നു. ആഗോളതലത്തിൽ പ്രേക്ഷക ശ്രദ്ധ നേടിയ നിരവധി ചിത്രങ്ങൾ മേളയുടെ രണ്ടാം ദിനത്തിൽ പ്രദർശിപ്പിക്കുന്നുണ്ട്. ഇന്ത്യൻ പനോരമ വിഭാഗത്തിലെ ചിത്രങ്ങളുടെ പ്രദർശനത്തിനും ഇന്നാണ് തുടക്കം. മേളയുടെ ഭാഗമായുള്ള മാസ്റ്റർക്ലാസ്സ് പരിപാടിയുടെ ഉദ്ഘാടനം കേന്ദ്രസഹമന്ത്രി എൽ മുരുഗൻ ഇന്ന് നിർവഹിച്ചു.

## RUSSIA-UKRAIN PEACEPLAN

അമേരിക്കയും റഷ്യയും സംയുക്തമായി തയ്യാറാക്കിയ സമാധാന ഉടമ്പടിയിൽ ചർച്ചകൾക്ക് തയ്യാറെന്ന് യുക്രേനിയൻ പ്രസിഡന്റ് വ്ളോഡിമർ സെലെൻസ്കി. മോസ്കോ പിടിച്ചെടുത്ത ഭൂപ്രദേശങ്ങളിൻമേലുള്ള നിയന്ത്രണങ്ങൾക്ക് പുറമേ സുരക്ഷാവാഗ്ദാനങ്ങളും കരാറിൽ പരാമർശിക്കുന്നു. അമേരിക്കയിൽ നിന്ന് കരാറിന്റെ കരട് രേഖ ലഭിച്ചതായി യുക്രേനിയൻ പ്രസിഡന്റിന്റെ കാര്യാലയം വാർത്താക്കുറിപ്പിൽ അറിയിച്ചു. എന്നാൽ കരാറിൽ ചർച്ചകൾ പുരോഗമിക്കുകയാണെന്നും ഇരു വിഭാഗങ്ങളും വിട്ടുവീഴ്ചകൾക്ക് തയ്യാറായാൽ മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കപ്പെടൂ എന്നും യു.എസ് വൃത്തങ്ങൾ അറിയിച്ചു.